"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കാർഷിക വികസന ക്ഷേമവകുപ്പ് – ഫലവർഗ്ഗങ്ങളുടെ വിപുലമായ വികസന പദ്ധതി-2020-21-ഒരു കോടി ഫലവൃക്ഷതൈ ഉല്പാദന വിതരണം-മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഫാംസ്) വകുപ്പ്**

G.O.(Rt)No.446/2020/AGRI തീയതി,തിരുവനന്തപുരം, 22/05/2020

പരാമർശം:- 1 19/02/2020 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം

2 13/052020 ൽ മുഖ്യമന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗ തീരുമാനം

**ഉത്തരവ്**

സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളായ പ്ലാവ്, മാവ്, മാതളം പാഷൻ ഫ്രൂട്ട്, പനീർ ചാമ്പ, സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരകം, മുരിങ്ങ, കറിവേപ്പ്, വാളൻ പുളി, കൊടംപുളി, റമ്പൂട്ടാൻ, കടച്ചക്ക, മാഗോസ്റ്റീൻ, ചാമ്പക്ക, പപ്പായ, നേന്ത്രൻ വാഴ, ഞാലിപ്പൂവൻ വാഴ, തുടങ്ങിയ 21 ഇനം ഫലവർഗ്ഗങ്ങളുടെ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും പൊതു സ്ഥലങ്ങളിൽ വെച്ചു പിടിപ്പിക്കുന്നതിനും പരാമർശം (1) പ്രകാരം തീരുമാനമെടുത്തിരുന്നു. മേൽ പദ്ധതി രണ്ട് ഘട്ടമായി നടപ്പിലാക്കുന്നതിനും ആയതിന്റെ ഒന്നാം ഘട്ടം ജൂൺ 5 പരിസ്ഥിതി ദിനത്തിൽ ആരംഭിക്കുന്നതിനും പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗതീരുമാനപ്രകാരം ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ മാർഗ്ഗരേഖ ചുവടെ ചേർക്കും പ്രകാരം പുറപ്പെടുവിക്കുന്നു.

- കാർഷിക വികസന കർഷക ക്ഷേമവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

- സംസ്ഥാനത്തെ 23 കാർഷിക പാരിസ്ഥിതിക പ്രദേശത്തിനും അനുയോജ്യമായ ഫലവൃക്ഷതൈകൾ ഓരോ പ്രദേശത്തും നട്ടുപിടിപ്പിക്കേണ്ടതാണ്.

- പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകൾ വഴി തയ്യാർ ചെയ്യപ്പെട്ടിരിക്കുന്ന നടീൽ വസ്തുക്കൾ സംബന്ധിച്ച വിവരം സംസ്ഥാനതലത്തിൽ കൃഷി വകുപ്പ് ക്രോഡീകരിച്ച് ഓരോ ജില്ലയ്ക്കുമുള്ള ഭൗതീക ലക്ഷ്യം നൽകേണ്ടതും ആ വിവരം ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കേണ്ടതുമാണ്.

- ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല കമ്മിറ്റി രൂപീകരിക്കേണ്ടതും, പദ്ധതിയുടെ ജില്ലാ തലത്തിലെ ഫലവർഗ്ഗ തൈകളുടെ രണ്ട് ഘട്ടങ്ങളായുള്ള വിതരണം, നടീൽ, പരിപാലനം എന്നിവ ഏകോപിപ്പിക്കേണ്ടതും ഘട്ടംഘട്ടമായുള്ള പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. സ്ഥലത്തിന്റെ വിസ്തൃതി, കുടുംബങ്ങളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ആനുപാതികമായി ഫലവൃക്ഷ തൈകൾ ലഭിക്കത്തക്ക വിധത്തിലാവണം തദ്ദേശ

സ്വയം ഭരണ സ്ഥാപനങ്ങൾ വിതരണ പട്ടിക തയ്യാറാക്കേണ്ടത് .

- തദ്ദേശ സ്വയംഭരണ സ്ഥാപനം, കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ എല്ലാ വീട്ടു വളപ്പുകൾ, പൊതുസ്ഥലങ്ങൾ, പാതയോരങ്ങൾ, സർക്കാർ കെട്ടിടങ്ങളുടെ വളപ്പുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കേണ്ടതാണ്.

- ഓരോ തദ്ദേശ ഭരണ സ്ഥാപന പരിധിയിലും എം.ജി.എൻ.ആർ.ഇ.ജി.എസ്./അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - ന്റെ പക്കലുള്ള തൈകളുടെ ലഭ്യത തിട്ടപ്പെടുത്തിയ ശേഷം വനം വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള തൈകൾ വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച പ്ലാൻ ജില്ലാതല കമ്മിറ്റി തയ്യാറാക്കേണ്ടത്.

- കൃഷി വകുപ്പ് നിശ്ചയിച്ച നിരക്കിലായിരിക്കണം ഫലവർഗ്ഗ തൈകൾ സംഭരിച്ച് വിതരണം ചെയ്യേണ്ടത്. വിവിധ വകുപ്പുകൾ/ഏജൻസികൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന തൈകൾ വിതരണം ചെയ്യേണ്ടത് താഴെ പറയും പ്രകാരമായിരിക്കണം.

    - (എ) കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി ഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക കർമ്മസേന/അഗ്രോ സർവ്വീസ് സെന്റർ, കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഗ്രാഫ്റ്റ്, ലെയർ ടിഷ്യൂകൾച്ചർ തൈകൾ ഒഴികെയുള്ള ഫലവൃക്ഷ തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്. ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂ കൾച്ചർ തൈകൾ തുടങ്ങിയവയ്ക്ക് 25% വില ഈടാക്കി വിതരണം ചെയ്യേണ്ടതാണ്.

    - (ബി) എം.ജി.എൻ.ആർ.ജി.എസ്./ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉല്പാദിപ്പിക്കുന്ന തൈകൾ സൗജന്യമായി വേണം വിതരണം ചെയ്യേണ്ടത്. എന്നാൽ ഗുണഭോക്തൃ കുടുംബം തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടികയുടെ അഞ്ചാം ഖണ്ഡികയിൽ പരാമർശിക്കുന്ന പാർശ്വവൽകൃത വിഭാഗത്തിൽ പെട്ടവരായിരിക്കണം. കൂടാതെ കുടുംബത്തിന് തൊഴിൽ കാർഡ് ഉണ്ടായിരിക്കേണ്ടതും കുടുംബത്തിൽ ഒരംഗം ആ പ്രവൃത്തിയിൽ അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെട്ടിരിക്കേണ്ടതുമാണ്.

    - (സി) വനം വകുപ്പിൽ നിന്നും ലഭിക്കുന്ന തൈകൾ സൗജന്യമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ സ്കൂൾ കുട്ടികൾക്കും യുവാക്കൾക്കും മുൻഗണന നൽകേണ്ടതാണ്.

- ഒന്നാം ഘട്ട തൈ വിതരണം പരിസ്ഥിതി ദിനമായ ജൂൺ 5 ന് തന്നെ ആരംഭിക്കേണ്ടതും രണ്ടാം ഘട്ട വിതരണം 2020 ജൂലൈ മാസം ആദ്യ ആഴ്ചയിൽ തിരുവാതിര ഞാറ്റുവേല ചന്തകളുടെ സമയത്ത് നടത്തേണ്ടതുമാണ്. സെപ്റ്റംബർ മാസത്തോടുകൂടി തൈ വിതരണം പൂർത്തീകരിക്കേണ്ടതാണ്.

- പദ്ധതി സംബന്ധിച്ച് വിപുലമായ പ്രചാരണ പ്രവർത്തനം വിവിധ വാർത്താ മാധ്യമങ്ങളിലൂടെ

നടത്തേണ്ടതും അവ യഥാസമയം ഡോക്യുമെന്റ് ചെയ്യേണ്ടതുമാണ്.

- കർഷക സമിതി തീരുമാനിക്കുന്ന പ്രകാരം പൊതു ഇടങ്ങളിൽ വച്ചു പിടിപ്പിക്കുന്ന ഫലവൃക്ഷതൈകളുടെ തുടർ പരിപാലനം കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പൊതുസ്ഥാപനങ്ങൾ എന്നിവ മുഖേനയായിരിക്കും. പാർശ്വവൽകൃത വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയിൽ നട്ടു പിടിപ്പിക്കുന്ന ഫലവൃക്ഷ തൈകളുടെ പരിപാലനം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കേണ്ടതാണ്.

- ഒന്നും രണ്ടും ഘട്ടങ്ങളിലെ തൈ വിതരണവും നടീലും നിർദ്ദിഷ്ട സമയത്തിനുള്ളിൽ നടപ്പിലാക്കുന്നു എന്ന് കാർഷിക വികസന സമിതി ഉറപ്പ് വരുത്തേണ്ടതാണ്

- ഗ്രാമ പഞ്ചായത്ത് തല കാർഷിക വികസന സമിതിയുടെ യോഗം ചേർന്ന് പദ്ധതിക്കു അനുയോജ്യമായ ഗുണഭോക്താക്കളേയും പൊതുസ്ഥലങ്ങളും കണ്ടെത്തേണ്ടതാണ്.

- ജില്ലയ്ക്ക് അനുവദിക്കുന്ന തൈകൾ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ നേതൃത്വത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നിശ്ചിത സമയത്തിന് അതായത് മെയ് 31 നകം എത്തിക്കേണ്ടതാണ്

- ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന തൈകൾ കൃഷി ഓഫീസറുടെ ഉത്തരവാദിത്വത്തിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

- ജില്ലക്ക് അനുവദിക്കുന്ന തൈകൾ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ നേതൃത്വത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നിശ്ചിത സമയത്തിന് എത്തിക്കേണ്ടതാണ്.

- സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പദ്ധതിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി രൂപീകരിക്കുന്ന കമ്മിറ്റി സംബന്ധിച്ച വിശദ വിവരങ്ങൾ **അനുബന്ധം – I** ആയി ചേർത്തിരിക്കുന്നു.

- ഒരു കോടി ഫലവൃക്ഷ തൈ വിതരണം ചെയ്യേണ്ടതിന്റെ പ്രവർത്തന കലണ്ടർ **അനുബന്ധം – II** ആയി ചേർത്തിരിക്കുന്നു

- സംസ്ഥാന കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണവകുപ്പ്, വനം വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകൾ സംയുക്തമായി പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ് എന്നിവർ സംയോജിതമായി പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകേണ്ടതുമാണ്. വിവിധ വകുപ്പുകൾ നിർവഹിക്കേണ്ട ചുമതലകളും ഉത്തരവാദിത്വങ്ങളും **അനുബന്ധം III** ആയി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
TOM JOSE
CHIEF SECRETARY

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ , വഴുതയ്ക്കാട്, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

മാനേജിംഗ് ഡയറക്ടർ, ദേശീയ തൊഴിലുറപ്പ് പദ്ധതി.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല

സെക്രട്ടറി, കുടുംബശ്രീ.

ഡയറക്ടർ, മണ്ണുസംരക്ഷണ വകുപ്പ്.

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്

റീജിയണൽ കോർഡിനേറ്റർ, കെ.എസ്.എ.എം.എം.

മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ

വനം വന്യജീവി വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം - I</u>

### <u>സംസ്ഥാന തലകമ്മിറ്റി</u>

ചെയർമാൻ/ചെയർപേഴ്സൺ - തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി

കൺവീനർ - കൃഷി വകുപ്പ് സെക്രട്ടറി

അംഗങ്ങൾ - ഡയറക്ടർ കൃഷി വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ

ഡീൻ., കേരള കാർഷിക സർവ്വകലാശാല

വനം വന്യജീവി വകുപ്പ് പ്രതിനിധി

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ പ്രതിനിധി

### <u>കൃഷി വകുപ്പ് തല കമ്മിറ്റി</u>

ചെയർമാൻ/ചെയർപേഴ്സൺ - കൃഷി ഡയറക്ടർ

കൺവീനർ - കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംങ്ങ്)

അംഗങ്ങൾ - കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ്)

മിഷൻ ഡയറക്ടർ, എസ്,എച്ച്.എം.

സി.ഇ.ഒ., വി.എഫ്.പി.സി.കെ

കാർഷിക സർവ്വകലാശാല പ്രതിനിധി

യു.ജയകുമാരൻ സ്പെഷ്യൽ ഓഫീസർ, KSMM

കൃഷി ജോയിന്റ് ഡയറക്ടർ (ഫാംസ്)

കൃഷി ജോയിന്റ് ഡയറക്ടർ (വി.സി)

**<u>ജില്ലാതല കമ്മിറ്റി</u>**

ചെയർമാൻ/ചെയർപേഴ്സൺ - ജില്ലാകളക്ടർ

കൺവീനർ - പ്രിൻസിപ്പൽ കൃഷി ഓഫീസർ

അംഗങ്ങൾ - പ്രോജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്,

അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്,

സോഷ്യൽ ഫോറസ്റ്റി ജില്ലാതല പ്രതിനിധി,

കേരള കാർഷിക സർവ്വകലാശാല പ്രതിനിധി

ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ,

വി.എഫ്.പി.സി.കെ. ജില്ലാ മാനേജർ

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ,

റീജിണൽ ജോയിന്റ് ഡയറക്ടർ അർബൻ അഫയേർസ്

തദ്ദേശ ഭരണ സ്ഥാപന കമ്മിറ്റി - ബന്ധപ്പെട്ട കാർഷിക വികസന സമിതികൾ

**<u>അനുബന്ധം - II</u>**

**<u>പ്രവർത്തന കലണ്ടർ</u>**

| ക്രമ നം. | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ജില്ലാതല ഭൗതിക ലക്ഷ്യം നൽകൽ | 2020 മേയ് 20 | കൃഷി ഡയറക്ടർ |
| 2 | ജില്ലാതല കമ്മറ്റി രൂപീകരണവും യോഗം ചേരലും | 2020 മേയ് 21 | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 3 | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് /മുൻസിപ്പാലിറ്റി/കോർപ്പറേഷൻ/ തല കാർഷിക വികസന സമിതി യോഗം ചേരൽ | 2020 മേയ് 22 | കൃഷി ഓഫീസർ |
| 4 | ഗുണഭോക്തൃ രജിസ്ട്രേഷൻ | 2020 മേയ് 25 മുതൽ മേയ് 30 വരെ | കൃഷിഭവൻ/ഗ്രാമ പഞ്ചായത്ത് |
| 5 | നടീൽ വസ്തുക്കൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും കൃഷിഭവനുകളിൽ എത്തിക്കൽ | 2020 മെയ് 25 മുതൽ | ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ/കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്.) |
| 6 | ഒന്നാം ഘട്ട തൈ വിതരണം | 2020 ജൂൺ 5 | കൃഷി ഓഫീസർ |
| 7 | രണ്ടാം ഘട്ട തൈ വിതരണം | 2020 ജൂൺ 21 മുതൽ സെപ്റ്റംബർ വരെ | കൃഷി ഓഫീസർ |
| 8 | ജില്ലാ തല മോണിറ്ററിംഗ് | എല്ലാ മാസവും | ജില്ലാ തല സമിതി |
| 9 | ഗ്രാമ പഞ്ചായത്തു തല മോണിറ്ററിംഗ് | എല്ലാ മാസവും | കാർഷിക വികസന സമിതി |

**<u>അനുബന്ധം - III</u>**

**<u>വിവിധ വകുപ്പുകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും</u>**

**1 കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

വകുപ്പിന്റെ നേതൃത്വത്തിൽ ഫലവർഗ്ഗ വികസന പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന വിവിധ ഏജൻസികൾ വഴി ഈ പദ്ധതിയ്ക്ക് ആവശ്യമായ 114.432 ലക്ഷം ഫലവൃക്ഷങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യേണ്ടതാണ്.

| ക്രമ നം. | വകുപ്പുകൾ | ആദ്യ ഘട്ടം (എണ്ണം ലക്ഷത്തിൽ ) | രണ്ടാം ഘട്ടം (എണ്ണം ലക്ഷത്തിൽ ) | ആകെ (എണ്ണം ലക്ഷത്തിൽ ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| എ. | സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ | 3.24180 | 36.77620 | **40.01800** |
| ബി. | വി.എഫ്.പി.സി.കെ. | 10.43190 | 25.88210 | **36.31400** |
| സി. | കാർഷിക സർവ്വകലാശാല | 4.42000 | 6.68000 | **11.10000** |
| ഡി. | കാർഷിക കർമ്മ സേന/അഗ്രോ സർവ്വീസ് സെന്റർ | 3.90630 | 8.09370 | **12.00000** |
| ഇ. | എം.ജി.എൻ.ആർ.ജി.എസ്. | 6.00000 | 4.00000 | **10.00000** |
| എഫ്. | കുടുംബശ്രീ | 0 | 5.00000 | **5.00000** |
| **ആകെ** | | **28.00000** | **86.43200** | **114.43200** |

മേൽ പറഞ്ഞ ഏജൻസികൾ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ നടീൽ വസ്തുക്കൾ സമാഹരിച്ച് ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂ കൾച്ചർ തൈകൾ, വേരു പിടിപ്പിച്ച മറ്റു തൈകൾ എന്നിവ യഥാസമയം ഉല്പാദിപ്പിച്ച് ഒന്നാം ഘട്ട, രണ്ടാം ഘട്ട വിതരണത്തിന് സജ്ജമാക്കേണ്ടതും അവയുടെ ഗുണനിലവാരം ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി.) ഉറപ്പു വരുത്തിയ ശേഷം കൃഷിഭവനുകൾക്ക് കൈമാറി ഗുണഭോക്താക്കൾക്ക് എത്തിക്കേണ്ടതുമാണ്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ വിവിധ ഉദ്യോഗസ്ഥർ താഴെ പറയും പ്രകാരം ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

**1 ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർ**

(എ) ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫിസർമാർ പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലയിലെ എല്ലാ പ്രവർത്തനങ്ങളും ഏകോപിക്കേണ്ടതും മേൽനോട്ടം വഹിക്കേണ്ടതുമാണ്.

(ബി) ജില്ലാ കളക്ടർ ചെയർമാനായ കമ്മറ്റിയുടെ കൺവീനർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ആയതിനാൽ പ്രസ്തുത കമ്മറ്റി വിളിച്ചു ചേർക്കേണ്ട ചുമതല അതാത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കായിരിക്കും.

(സി) ജില്ലയ്ക്ക് അനുവദിച്ച ഭൗതീക ലക്ഷ്യം അനുസരിച്ച് കൃഷിഭവൻ തലത്തിൽ വിതരണം ചെയ്യേണ്ട പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) ന് നൽകേണ്ടതാണ്.

(ഡി) ജില്ലയ്ക്ക് അനുവദിച്ച തൈകൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും എടുത്ത് കൃഷിഭവനുകളിൽ എത്തിക്കുന്നതിനുള്ള വാഹന സൗകര്യം സജ്ജമാക്കേണ്ടതാണ്. ഇതിലേയ്ക്കായി കൃഷി ഫാമുകളിൽ നിന്നുള്ള വാഹനങ്ങളോ എൻജിനീയർ വിഭാഗത്തിലുള്ള വാഹനങ്ങളോ നടീൽ വസ്തുക്കളുടെ വിതരണത്തിന് വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനങ്ങളോ ഉപയോഗിച്ച് നടീൽ വസ്തുക്കളുടെ സംഭരണ വിതരണം നടത്താവുന്നതാണ്. കൂടാതെ അഗ്രോ-സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങളുടെ വാഹനങ്ങളും തൈ വിതരണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

(ഇ) വാഹനത്തോടൊപ്പം ഒരു ഓഫീസ് അസിസ്റ്റന്റിനെ നടീൽ വസ്തുക്കൾ ഉല്പാദന കേന്ദ്രങ്ങളിൽ

നിന്നും കൈപ്പറ്റി കൃഷിഭവനുകൾക്കു നൽകി രസീത് വാങ്ങുന്നതിനും ചുമതലപ്പെടുത്തേണ്ടതാണ്.

(എഫ്) ജില്ലാ തലത്തിൽ ഫലവൃക്ഷതൈകളുടെ വിതരണം സംബന്ധിച്ച് കൃഷിഭവൻ തിരിച്ചുള്ള ഒരു കലണ്ടർ തയ്യാറാക്കേണ്ടതും വിതരണവും പുരോഗതിയും സംബന്ധിച്ചുള്ള പ്രതിവാര റിപ്പോർട്ടും നൽകേണ്ടതാണ്.

### 1.2 കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടിക്കൾച്ചർ)

ജില്ലാ കൃഷി ഓഫീസറെ സഹായിക്കുന്നതിനായി താഴെ പറയുന്ന ചുമതലകൾ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടിക്കൾച്ചർ) നിർവ്വഹിക്കേണ്ടതാണ്.

(എ) പദ്ധതിയുടെ ഭാഗമായി ജില്ലയിൽ വിതരണം ചെയ്യേണ്ട നടീൽ വസ്തുക്കളുടെ വിതരണ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക.

(ബി) വിതരണത്തിന് ആവശ്യമായ വാഹന സൗകര്യം ക്രമീകരിക്കുക.

(സി) തൈകൾ യഥാസമയം കൃഷിഭവനുകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

(ഡി) വിതരണ കലണ്ടർ തയ്യാറാക്കുക.

(ഇ) പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിനായി പ്രിൻസിപ്പൽ കൃഷി ഓഫീസറെ സഹായിക്കുക.

### 1.3 കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി.)

(എ) ഡിപ്പാർട്ട്മെന്റ് ഫാമുകളിലെ നടീൽ വസ്തുക്കളുടെ ഫാം പ്ലാൻ ശേഖരിച്ച് ആയത് ജില്ലാ തലത്തിൽ ക്രോഡീകരിച്ച് ജില്ലാ പ്ലാൻ തയ്യാറാക്കി ഡയറക്ടർക്ക് സമർപ്പിക്കുക.

(ബി) ഫാമുകളിലെ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിന്റെ നേരിട്ടുള്ള മേൽനോട്ടം നിർവ്വഹിക്കുക.

(സി) ജില്ലകൾ വിതരണത്തിന് തയ്യാറാക്കിയിട്ടുള്ള നടീൽ വസ്തുക്കളുടെ പൂർണ്ണ വിവരങ്ങൾ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്)-ന് കൈമാറുക.

(ഡി) ജില്ലക്കകത്തുള്ള വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, മെക്കനൈസേഷൻ മിഷൻ, കുടുബശ്രീ, എം.എൻ.ആർ.ഇ.ജി.എസ്. എന്നിവയുടെ ഉല്പാദന പ്രക്രിയ ഏകോപിപ്പിക്കുകയും നടീൽ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുക എന്നീ ചുമതലകൾ കൂടി നിർവഹിക്കേണ്ടതാണ്.

### 1.4 ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ

(എ) ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പദ്ധതിയുമായി ബന്ധപ്പെട്ട ബ്ലോക്കിലെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കേണ്ടതും മേൽനോട്ടം നിർവ്വഹിക്കേണ്ടതുമാണ്.

(ബി) ബ്ലോക്ക് തല കൃഷിഭവനുകളുടെ ഫലവൃക്ഷ തൈകളുടെ ഭൗതീകലക്ഷ്യം ശേഖരിച്ച് ക്രോഡീകരിച്ച് ജില്ലാ ഓഫീസിൽ സമയബന്ധിതമായി കൈമാറേണ്ടതാണ്.

(സി) ബ്ലോക്ക് കൃഷിഭവനുകളുടെ നടീൽ വസ്തുക്കളുടെ വിതരണം സംബന്ധിച്ച് പ്രതിവാര റിപ്പോർട്ട് ക്രോഡീകരിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസർക്കു നൽകേണ്ടതാണ്.

**1.5 കൃഷി ഓഫീസർ**

(എ) ഗ്രാമ പഞ്ചായത്ത് തലത്തിൽ തൈകളുടെ വിതരണത്തിന്റെ ചുമതല ഗ്രാമ പഞ്ചായത്ത് തല കൃഷിഭവനുകൾക്കായിരിക്കും. കൃഷി അസിസ്റ്റന്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി വാർഡ്തല വിതരണം ഏകോപിപ്പിക്കേണ്ടതാണ്.

(ബി) കൃഷിഭവൻ തലത്തിൽ വീട്ടുവളപ്പുകൾ, പൊതുസ്ഥലങ്ങൾ, പാതയോരങ്ങൾ, സർക്കാർ കെട്ടിടങ്ങളുടെ വളപ്പുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ആവശ്യമുള്ള ഫലവൃക്ഷതൈകളുടെ ഇനം തിരിച്ചുള്ള എണ്ണം നിശ്ചിത പ്രൊഫോർമ്മയിൽ ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് 23/05/2020 തീയതിയ്ക്ക് മുമ്പായി നൽകേണ്ടതാണ്.

(സി) പദ്ധതിയെ സംബന്ധിച്ച് വിപുലമായ പ്രചാരണ പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.

(ഡി) ഫലവൃക്ഷതൈകൾ വീട്ടുവളപ്പിൽ നട്ടുപിടിപ്പിക്കുന്നതിന് ആവശ്യമുള്ള കർഷരുടെ രജിസ്ട്രേഷൻ കൃഷിഭവനുകളിൽ ചെയ്യേണ്ടതാണ്.

(ഇ) പൊതുസ്ഥലങ്ങൾ, പാതയോരങ്ങൾ, സർക്കാർ കെട്ടിടങ്ങളുടെ വളപ്പുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ആവശ്യമുള്ള ഫലവൃക്ഷതൈകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ പ്രവർത്തകർ, എം.എൻ.ആർ.ഇ.ജി.എസ്. എന്നിവരുടെ സഹായത്തോടെ സ്ഥലങ്ങൾ കണ്ടെത്തുകയും നടുന്നതിനുള്ള നടപടി സ്വീകരിക്കുയും ചെയ്യുക.

(എഫ്) പ്രസ്തുത പദ്ധതിയെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ കാർഷിക വികസന സമിതിയിൽ അറിയിക്കേണ്ടതാണ്.

(ജി) വിതരണം സംബന്ധിച്ചുള്ള പ്രതിവാര റിപ്പോർട്ട് ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കു നൽകേണ്ടതാണ്.

(എച്ച്) എം.എൻ.ആർ.ഇ.ജി.എസ്. ഉൾപ്പെടുത്തിക്കൊണ്ട് തൈകൾ നട്ടുപിടിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. പൊതുഭൂമിയിലും പാർശ്വവൽകൃത വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയിലും ഫലവൃക്ഷ തൈകൾ നട്ടു പരിപാലിക്കൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കുവാൻ സാധിക്കും. സ്വകാര്യ ഭൂമിയിൽ പ്രവർത്തി ഏറ്റെടുക്കുമ്പോൾ ഗുണഭോക്തൃ കുടുംബം തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടികയുടെ അഞ്ചാം ഖണ്ഡികയിൽ പരാമർശിക്കുന്ന പാർശ്വവൽകൃത വിഭാഗത്തിൽ പെട്ടവരായിരിക്കണം. കൂടാതെ കുടുംബത്തിന് തൊഴിൽകാർഡ് ഉണ്ടായിരിക്കേണ്ടതും കുടുംബത്തിൽ ഒരംഗം ആ പ്രവൃത്തിയിൽ അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെട്ടിരിക്കേണ്ടതുമാണ്.

(ഐ) നടീൽ വസ്തുക്കളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട് എം.എൻ.ആർ.ഇ.ജി.എസ്., കുടുംബശ്രീകൾക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതാണ്.

(ജെ) കൃഷി ഓഫീസർമാർ വിവിധ വകുപ്പ്/ഏജൻസി യിൽ നിന്നും ലഭിക്കുന്ന ഫലവൃക്ഷ തൈകളുടെ വിതരണം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**1.6 സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ**

ഫാമിന് അനുവദിച്ചിരിക്കുന്ന ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ചുമതല ഫാം ഹെഡിനായിരിക്കും. ലഭ്യമായിരിക്കുന്ന ഭൗതികലക്ഷ്യം അനുസരിച്ച് ഫാം പ്ലാൻ തയ്യാറാക്കി ആയത് ജില്ലാതലത്തിൽ നൽകേണ്ടതും പ്ലാൻ പ്രകാരമുള്ള നടീൽവസ്തുക്കൾ തയ്യാർ ചെയ്യുന്നതിനുള്ള വിത്തു സാമഗ്രികളും, മറ്റ് ഉല്പാദനോപാധികളും ശേഖരിക്കുന്നതിന്റേയും ചുമതല ഫാം ഹെഡിനായിരിക്കും.

**1 . 7 വി.എഫ്.പി.സി.കെ (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള)**- പദ്ധതിക്കാവശ്യമായതും സ്വയമേവ തയ്യാറാക്കി നടീലിന് പാകമാക്കി നൽകേണ്ട 36.314 ലക്ഷം തൈകളുടെ ഉല്പാദനവും അവ വിവിധങ്ങളായ വിതരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള ചുമതല നിർവ്വഹിക്കുക, കുടുംബശ്രീക്ക് പരിപാലനത്തിനായി നൽകാനുള്ള 5 ലക്ഷം പ്ലഗ്ഗ് നഴ്സറി തൈകൾ ഉല്പാദിപ്പിച്ച് വിവിധങ്ങളായ ഹാർഡനിംഗ് യൂണിറ്റുകളിൽ എത്തിച്ചു നൽകുക, എം.എൻ.ആർ.ഇ.ജി.എസ്., ന് പരിപാലനത്തിനായി നൽകാനുള്ള 1 0 ലക്ഷം പ്ലഗ്ഗ് നഴ്സറി തൈകൾ ഉല്പാദിപ്പിച്ച് വിവിധങ്ങളായ ഹാർഡനിഗ് യൂണിറ്റുകളിൽ എത്തിച്ചു നൽകുക.

**1.8 കേരള കാർഷിക സർവ്വകലാശാല**

പദ്ധതിക്കാവശ്യമായ 11.10000 ലക്ഷം മേൽത്തരം തൈകൾ ഉല്പാദിപ്പിച്ച് വിതരണത്തിന് കൈമാറുന്നതിനുള്ള ഉത്തരവാദിത്വം കേരള കാർഷിക സർവ്വകലാശാലക്കായിരിക്കും. കേരള കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് റിസർച്ച് ഈ പദ്ധതിയുടെ കേരള കാർഷിക സർവ്വകലാശാലയിലെ നോഡൽ ഓഫീസറായിരിക്കും

**1.9 കാർഷിക കർമ്മ സേന/അഗ്രോ സർവ്വീസ് സെന്റർ (കേരള സ്റ്റേറ്റ് മെക്കനൈസേഷൻ മിഷൻ)**

പദ്ധതിയിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന 12 ലക്ഷം മേൽത്തരം നടീൽ വസ്തുക്കളുടെ ഉല്പാദനം കൈവരിച്ച് വിതരണത്തിന് കൈമാറുക എന്ന ഉത്തരവാദിത്വം കേരള സ്റ്റേറ്റ് മെക്കനൈസേഷൻ മിഷനായിരിക്കും. മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഈ പദ്ധതിയുടെ നോഡൽ ഓഫീസറായിരിക്കും.

## 2.തദ്ദേശ സ്വയംഭരണ സ്ഥാപനം

**2.1(എ)** ഈ പദ്ധതിയുടെ പ്രാദേശിക ഏകോപനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കും. ഈ പദ്ധതിയ്ക്കായി മൊത്തം 35.92780 കോടി രൂപ ചെലവ് വരുന്നതിൽ കൃഷി വകുപ്പ് വിഹിതം കഴിച്ച് ബാക്കി വരുന്ന 13.3879 കോടി രൂപ വി.എഫ്.പി.സി.കെ., എം.ജി.എൻ.ആർ.ഇ.ജി.എസ്., കുടുംബശ്രീ എന്നിവർക്കു നൽകുന്നതിന് 18/05/2020 ലെ സർക്കാർ ഉത്തരവ് (കൈ)നം/14/2020/ആ:സാ:വ: പ്രകാരമുള്ള സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പ്രോജക്ടുകളിൽ ഫലവൃക്ഷതൈകൾക്കുള്ള വിഹിതം ഉൾപ്പെടുത്തേണ്ടതാണ്.

(ബി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാർഷിക വികസന സമിതി കൂടി പൊതു സ്ഥലങ്ങളുടേയും ഗുണഭോക്താക്കളുടേയും ലിസ്റ്റ് തീരുമാനിച്ച് തൈ വിതരണം സംബന്ധിച്ച്

സമയക്രമ പട്ടിക തയ്യാറാക്കേണ്ടതാണ്.

(സി) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങളും ഓരോ ഗുണഭോക്താവിന് എത്ര തൈകൾ നൽകണമെന്നത് സംബന്ധിച്ചും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാർഷിക വികസന സമിതി തീരുമാനിക്കേണ്ടതാണ്.

(ഡി) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അന്ത്യോദയ, ബി.പി.എൽ. കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതിനോടൊപ്പം സ്കൂൾ കുട്ടികൾ, യുവാക്കൾ എന്നിവർ അടങ്ങുന്ന കുടുംബങ്ങൾക്ക് കൂടി മുൻഗണന നൽകേണ്ടതാണ്.

(ഇ) ഫലവർഗ്ഗ തൈകൾ ആവശ്യമുള്ളവർ കൃഷിഭവനുകളിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ രജിസ്റ്റർ ചെയ്യേണ്ടതാണ്

(എഫ്) കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്. , സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ എല്ലാ വീട്ടുവളപ്പുകൾ, പൊതുസ്ഥലങ്ങൾ, പാതയോരങ്ങൾ, സർക്കാർ കെട്ടിടങ്ങളുടെ വളപ്പുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കേണ്ടതാണ്.

(ജി) പൊതു ഇടങ്ങളിൽ വച്ചു പിടിപ്പിക്കുന്ന ഫലവർഗ്ഗ തൈകളുടെ തുടർ പരിപാലനം ഉറപ്പാക്കുന്നതിനു എം.ജി.എൻ.ആർ.ഇ.ജി.എസ്. , കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, പൊതുസ്ഥാപനങ്ങൾ എന്നിവരെ ചുമതലപ്പെടുത്തേണ്ടതാണ്.

(എച്ച്) ജില്ലാ തലത്തിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ തല കമ്മറ്റിയും ഗ്രാമപഞ്ചായത്തു തലത്തിൽ കാർഷിക വികസന സമിതിയും എല്ലാ മാസവും കൂടി അവലോകനം നടത്തേണ്ടതാണ്.

(ഐ) വനം വകുപ്പ് നഴ്സറികളിൽ നിന്നുള്ള തൈകൾ അനുവദിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണം ജില്ലയിലെ നഴ്സറിയിൽ നിന്നും ആയവ ശേഖരിക്കേണ്ടത്.

(ജെ) ഫലവൃക്ഷ തൈകളുടെ വിതരണത്തിനായി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് പ്രദർശിപ്പിക്കുന്ന ബാനറുകളിൽ സുഭിക്ഷ കേരളം ലോഗോയും എല്ലാ വകുപ്പുകളുടെയും പങ്കാളിത്തവും സൂചിപ്പിക്കേണ്ടതാണ്. ഈ കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട കൃഷി ഓഫീസർ ഉറപ്പാക്കേണ്ടതാണ്.

### 2.2 എം.ജി.എൻ.ആർ.ജി.എസ്.:

(എ) പദ്ധതിയിൽ അനുവദിക്കപ്പെട്ടിരിക്കുന്ന 1 0 ലക്ഷം തൈകളുടെ ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളുടെ ഏകോപനം നിർവ്വഹിക്കുക.

(ബി) വി.എഫ്.പി.സി.കെ.യിൽ നിന്നും ലഭ്യമാക്കുന്ന പ്ലഗ്ഗ് നഴ്സറി തൈകളുടെ പരിപാലനം, ഹാർഡനിംഗ്, അവയുടെ കൈമാറ്റം.

(സി) പൊതുസ്ഥലങ്ങളിലും പാർശ്വവൽകൃത വിഭാഗങ്ങളിലും ഫലവൃക്ഷ തൈകൾ നട്ടു പരിപാലിക്കുന്നതിനും ഈ പ്രവർത്തനങ്ങളുടെ ഗ്രാമതല ഏകോപനവും.

(ഡി)സ്വകാര്യ വ്യക്തിയ്ക്ക് തൈ നൽകുകയാണെങ്കിൽ ഗുണഭോക്തൃ കുടുംബം തൊഴിലുറപ്പ നിയമത്തിന്റെ ഒന്നാം പട്ടികയുടെ അഞ്ചാം ഖണ്ഡികയിൽ പരാമർശിക്കുന്ന പാർശ്വവൽകൃത വിഭാഗത്തിൽ പെട്ടവരായിരിക്കണം.

**2.3 കുടുംബശ്രീ**

പദ്ധതിയിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന 5 ലക്ഷം തൈകളുടെ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളുടെ ഏകോപനം നിർവ്വഹിക്കുക, വി.എഫ്.പി.സി.കെ യിൽ നിന്നും ലഭിക്കുന്ന പ്ലഗ് നഴ്സറി തൈകളുടെ പരിപാലനം, ഹാർഡനിംഗ്, അവയുടെ കൈമാറ്റം, പൊതുസ്ഥലങ്ങളിലെ നടീൽ പ്രവർത്തനങ്ങളിൽ സഹായിക്കുക, അവയുടെ തുടർ പരിപാലനം എന്നിവയുടെ ചുമതല കുടുംബശ്രീ മിഷനിൽ നിക്ഷിപ്തമായിരിക്കും.

**3. വനം വകുപ്പ്**

പരിസ്ഥിതി ദിനത്തിനു പുറമേ, വന മഹോത്സവത്തിന്റെ ഭാഗമായി വനം വകുപ്പ് ഉല്പാദിപ്പിച്ചിട്ടുള്ള 25 ലക്ഷം ഫലവൃക്ഷ തൈകൾ ഉൾപ്പെടെയുള്ള 47 ലക്ഷം വൃക്ഷ തൈകൾ ഒന്നാം ഘട്ടമായി ജൂൺ 5-നു മുമ്പ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് നൽകിയെന്ന് ഉറപ്പ വരുത്തേണ്ടതാണ്. കൂടാതെ രണ്ടാം ഘട്ട വിതരണത്തിന്റെ ഭാഗമായ 10 ലക്ഷം വൃക്ഷ തൈകൾ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്

**4. വിദ്യാഭ്യാസ വകുപ്പ്**

വിദ്യാർത്ഥികളിൽ പ്രകൃതിയോടും ജൈവവൈവിധ്യങ്ങളോടും കൂടുതൽ താല്പര്യങ്ങൾ സൃഷ്ടിക്കുന്നതിന് എല്ലാ വിദ്യാർത്ഥികളുടേയും വീട്ടു വളപ്പിൽ ഫലവർഗ്ഗ തൈകൾ നട്ടു പിടിപ്പിക്കേണ്ടതാണ്. കൂടാതെ എല്ലാ സ്കൂൾ കോമ്പൗണ്ടുകളിലും വിവിധ തരം ഫലവർഗ്ഗ തൈകൾ വച്ചു പിടിപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പ പുറപ്പെടുവിക്കേണ്ടതാണ്.

കീഴെപ്പറഞ്ഞ കത്ത് നം: വിസി1824/2020 തീയതി 25/05/2020

ഫലവർഗ്ഗങ്ങളുടെ വിപുലമായ വികസന പദ്ധതി 2020-21- "ഒരു. കോടി ഫലവൃക്ഷതൈകളുടെ ഉല്പാദന വിതരണം" സംബന്ധിച്ച് സർക്കാർ ഉത്തരവിൽ മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കൃഷി ഡയറക്ടർക്കുവേണ്ടി
25/5/2020

Assistant Director of Agriculture (VC)
Directorate of Agriculture Development
and Farmers Welfare Department
Vikas Bhavan, Thiruvananthapuram - 33

To
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.